# അലൻ ക്ട്ദീ

എസ്. കെ. പ്രതാപ്



അലൻ കുർദി
എസ്. കെ. പ്രതാപ്
(മലയാളം: ചെറുകഥ)

© 2021, S. K. Prathap

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Alan Kurdi’s lifeless body on a beach, a photograph by Nilüfer Demir (born 1986). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# അലൻ ക്ദീ

രാത്രി പതിനൊന്നിന് പോകുന്ന വള്ളങ്ങൾ രാവിലെ അഞ്ചരയോടെയാണ് തിരികെയെത്തി ഹാർബറിൽ നങ്കൂരമിടുക. അവയുടെ നെറുകയിൽ കത്തുന്ന ചുവപ്പും നീലയും വെളിച്ചങ്ങൾ കണ്ടാണ് സൂര്യോദയത്തിനു മുമ്പുള്ള വള്ളങ്ങളുടെ വരവ് കരയിലുള്ളവർ അറിയുന്നത്. കാട്ടിലെ മരങ്ങൾക്കിടയിൽ പറന്നുകളിക്കുന്ന മിന്നാമിനുങ്ങുകളുടെ വെളിച്ചം പോലെയേ തോന്നൂ അവയുടെ ഈ സിഗ്നൽ വെളിച്ചങ്ങൾ. തിരയുടെ ഊഞ്ഞാലാട്ടത്തിൽ വള്ളങ്ങൾ തലപൊക്കുകയും കുനിക്കുകയും ചെയ്യുന്ന മുറയ്ക്ക് വെളിച്ചം തെളിഞ്ഞും മറഞ്ഞും കാണപ്പെടും.

വള്ളങ്ങൾ തുഴഞ്ഞു നീക്കിയിരുന്ന കാലം പോയ്മറഞ്ഞു. ഇപ്പോഴുള്ളവ എൻജിൻ ഘടിപ്പിച്ച വള്ളങ്ങളാണ്. യന്ത്രം പ്രവർത്തിപ്പിച്ചാൽ വള്ളം ശരവേഗത്തിൽ തിരകളെ മുറിച്ചുപായും. മീൻപിടുത്തക്കാരുടെ ജോലിഭാരം അങ്ങനെ കണ്ടമാനം കുറഞ്ഞു. തുഴച്ചിൽ ഇല്ലാതായതോടെ മുക്കുവന് പണ്ടുണ്ടായിരുന്ന കയ്യൂക്കും കുറഞ്ഞുപോയി.



പണ്ടൊക്കെ ഇവിടുത്തെ രീതി വള്ളങ്ങൾ കരയിലേക്ക് തള്ളിക്കയറ്റുന്നതായിരുന്നു. കടപ്പുറത്ത് വിശ്രമിക്കുന്ന വള്ളങ്ങൾ നിരയായി കിടക്കുന്ന കാഴ്ച ഒരു സുഖം തന്നെയായിരുന്നു. ഇപ്പോഴുള്ള ഇവിടുത്ത കുട്ടികൾക്കൊക്കെ ആ കാഴ്ച കാണണമെന്നുണ്ടെങ്കിൽ ചെമ്മീൻ സിനിമ കാണണം. അതിൽ കൊട്ടാരക്കരയും സത്യനുമൊക്കെ കൂട്ടുകാരോടൊപ്പം തീരമണയുന്ന വള്ളങ്ങളിൽ നിന്നും വെള്ളത്തിലേയ്ക്ക് ചാടിയിറങ്ങി വള്ളം കരയിലേയ്ക്ക് തള്ളിക്കയറ്റുന്നത് കാണാം. കടപ്പുറത്ത് കയറ്റിയിട്ട വള്ളങ്ങൾക്കിടയിൽ മറഞ്ഞിരുന്നാണ് കറുത്തമ്മയും പരീക്കുട്ടിയും പ്രേമിക്കുന്നത്.

വള്ളങ്ങൾ ഇപ്പോൾ ഹാർബറിലാണ് അടുപ്പിക്കുന്നത്. കടലിൽ ചിറകെട്ടിയതോടുകൂടി കടപ്പുറം ഇല്ലാതായി. അതോടൊപ്പം തീരത്ത് ചുരുട്ടിയടിച്ചാർക്കുന്ന തിരകളും കാണാക്കാഴ്ചയായി. കര കല്ലുകെട്ടി മതിലുപോലെ ഉയർത്തിയിട്ടുണ്ട്. കരയിലെ റോഡിൽ നിന്നാൽ തൊട്ടു താഴെ ചെറുതായി അലകൾ വെട്ടുന്ന കായൽ പോലെ ശാന്തമാണ് കടൽ. ആ കടൽക്കായലിലാണ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ കെട്ടിയിടുക. യേശുദേവൻ, ഏഞ്ചൽ മേരി, സെന്റ് ആന്റണി, കടൽറാണി, ബിന്ദുമോൾ, മീനാകുമാരി, സെബാസ്റ്റിയൻ, ബിസ്മില്ലാഹ് എന്നിങ്ങനെ പേരും ജാതിയുമൊക്കെയായി പത്തിരുപത് വള്ളങ്ങളെങ്കിലും സ്ഥിരമായി അവിടെക്കാണും.

വെറുതെ പണിയില്ലാതെ കിടക്കുമ്പോഴും ചില വള്ളങ്ങളുടെ ഉച്ചിയിലെ വിളക്കുകൾ കത്തുന്നുണ്ടാകും. ആരും നോക്കാനില്ലെങ്കിലും ആരോ നോക്കുന്നുണ്ടെന്ന് സങ്കൽപ്പിച്ച് എപ്പോഴും മുടിയും താടിമീശയും ചിക്കിയൊതുക്കി നടൻ ടോവിനോ ആണ് താൻ എന്ന് ഭാവിച്ച് നടക്കുന്ന നെൽസണെയാണ് അപ്പോൾ പാപ്പച്ചൻ ഓർക്കുക. അവന്റെ മുടിചീകൽ പോലെത്തന്നെ ഈ വള്ളങ്ങളും ഒരു കാര്യവുമില്ലാതെ പകൽസമയത്തും ലൈറ്റ് തെളിയിച്ച് കിടക്കുന്നു.

വൈകുന്നേരമാണ് ഹാർബറിൽ നിന്നുള്ള കാഴ്ചയുടെ പൂർണ്ണ ഭംഗി ദൃശ്യമാകുന്നത്. സൂര്യൻ സ്വർണ്ണവും കുങ്കുമവും നിറങ്ങൾ ചരിഞ്ഞ ആകാശത്താകെ വാരിക്കോരി ഒഴിച്ചുവെച്ചിട്ടുണ്ടാവും. തീരത്തിന് പറങ്കേണ്ടിയുടെ പോലെയൊരു വളവുണ്ട്. അതിന്റെ അങ്ങേയറ്റത്ത് ഇംഗ്ലീഷുകാർ പണിത വിളക്കുമാടം ഒരു പട്ടുകുറ്റി പോലെ ആകാശത്തേയ്ക്ക് എഴുന്നു നിൽക്കുന്നത് കാണാം. വള്ളക്കാർക്കും കപ്പലോട്ടക്കാർക്കും കരകാണാനുള്ള സംവിധാനമാണ്. സന്ധ്യക്ക് കടലിന്റെ മാറിൽ ഇരുൾ ചാഞ്ഞുതുടങ്ങുന്നതോടെ അതിന്റെ ഉച്ചിയിലെ വിളക്ക് കത്തിക്കും. ഒന്ന് രണ്ട് മൂന്ന് എന്ന ക്രമത്തിൽ അതിന്റെ വെട്ടം ആഴിയേയും തീരത്തേയും നോക്കി ഒന്നിടവിട്ട് കൺചിമ്മും. ഒരു ചെറിയ ഇടവേളയ്ക്കുശേഷം വീണ്ടും ഈ പ്രക്രിയ ആവർത്തിക്കും. വെളിച്ചത്തിന്റെ ഈ ഒളിച്ചുകളിയിൽ എന്തോ തമാശയുള്ളതുപോലെയാണ് പാപ്പച്ചന് എപ്പോഴും തോന്നുക.

ആ സമയത്ത് ഹാർബറിൽ കെട്ടിയിട്ട വള്ളങ്ങൾ അടിയിലെ ഓളങ്ങളുമായി ചേർന്ന് ഒരു താളമുണ്ട്. അതൊരു രസമാണ്. തീരദേശപാതയിലൂടെ ഇടയ്ക്കിടെ പായുന്ന കാറുകളുടെയും ബൈക്കുകളുടെയും ശബ്ദവും ഈ താളവും ചേർന്ന് പാപ്പച്ചന് മാത്രം ആസ്വദിക്കാവുന്ന ഒരു സംഗീതമുണ്ട്. അത് കേൾക്കാനാണ് അയാൾ അവിടെ വന്ന് ദിവസവും കുത്തിയിരുന്നത്. അല്ലാതെ ലോട്ടറി കൂടുതൽ വിറ്റുപോകുമെന്നുള്ളതുകൊണ്ടല്ല. അതിന് പറ്റിയ സ്ഥലം ഒരു കിലോമീറ്റർ കിഴക്കുള്ള ടൗൺ ബീച്ചു തന്നെയായിരുന്നു. പക്ഷേ, അവിടത്തെ വണ്ടികളുടെയും ആൾത്തിരക്കിന്റെയും ഇടയ്ക്ക് ജീവിതമില്ല. കുറേ ടിക്കറ്റ് മാത്രം വിറ്റുപോയിട്ട് എന്തോ ചെയ്യാനാ! അതായിരുന്നു പാപ്പച്ചന്റെ ലൈൻ. അതുകൊണ്ട് അന്നന്നത്തെ ചെലവിനുള്ള കാശ് തടഞ്ഞുകഴിഞ്ഞാൽ പിന്നെയുള്ള സമയം അയാൾ ആ കൽത്തിട്ടയിൽ വന്നിരുന്ന് കടലിനെ നോക്കി സമയം തള്ളിവിടുമായിരുന്നു.

“ഇങ്ങനെ എത്ര ദിവസം കഴിയുമണ്ണാ?”

നെൽസൺ പുറകിൽ വന്നു നിന്ന് ചോദിച്ചു.

ലോട്ടറി വിൽപ്പന ഇല്ലാത്തതുകൊണ്ട് ഒഴിഞ്ഞ ടിക്കറ്റ് ബോർഡുമായിരുന്ന പാപ്പച്ചൻ തിരിഞ്ഞു നോക്കി. റോഡിൽ ഒരു കുഞ്ഞുപോലും ഇല്ല. ഇടയ്ക്കിടെ പോലീസ് വണ്ടികളല്ലാതെ ഒരു സൈക്കിൾ പോലും ഓടുന്നില്ല. ലോകമങ്ങ് അവധിയെടുത്തതു പോലെ. ഹർത്താലിൽ പോലും ഇമ്മാതിരി അവസ്ഥ കണ്ടിട്ടില്ല.

സൂര്യൻ അസ്തമയത്തിന്റെ പ്രക്രിയയിലാണ്. പാതി വെള്ളത്തിൽ മുങ്ങി ഫോട്ടോയ്ക്ക് പോസുചെയ്യുന്നതുപോലെ. സൂര്യനിൽ നിന്നും തെറിക്കുന്ന മഞ്ഞിയ വെളിച്ചത്തിൽ തീരമാകെ ചെമ്പുനിറത്തിൽ മുങ്ങി നിൽക്കുന്നു. എവിടെയും മരിച്ച വീട്ടിലേതുപോലെ നിശ്ശബ്ദതയാണ്. വള്ളങ്ങളും അവയ്ക്കടിയിൽ നിന്നും കേൾക്കാവുന്ന പ്ലക്ക് പ്ലക്ക് എന്ന താളവും മാത്രം. ഇപ്പോൾ വള്ളങ്ങളിലെ മിന്നാമിന്നി ലൈറ്റുകൾ സ്ഥിരമായി അണഞ്ഞു് കിടക്കുന്നു.

നെൽസൺ പോക്കറ്റിൽ നിന്നും ചീപ്പെടുത്ത് കാറ്റിൽ പറക്കുന്ന മുടി ചീകിയൊതുക്കാൻ നോക്കി. പക്ഷേ, ചീകും തോറും അത് കൂടുതൽ അനുസരണക്കേട് കാണിച്ചു.

“എടാ നെൽസാ, ഈ കൊറോണ ദൈവം നമ്മുക്ക് തന്ന ഒരു ശിക്ഷയാ. പണക്കാരൻ തൊട്ട് നമ്മളെ പോലെയുള്ള ആപ്പ ഊപ്പകൾ വരെ അവന് മുന്നിൽ ഒരുപോലാ. കണ്ടില്ലേ എല്ലാ എണ്ണവും വീട്ടിനകത്ത് കേറി പാത്തിരിക്കുന്നെ.”

“കോപ്പാ. നിങ്ങളീ പാസ്റ്ററുമാരെ പോലെ ചെലക്കാതെ. പണക്കാരു സുഖമായിട്ട് ചിക്കനും ബ്രാണ്ടിയുമടിച്ച് വീട്ടിലിരുന്ന് ആഘോഷിക്കുവാ. അവർക്കിത് ഒരു ലീവ് പോലാ അണ്ണാ. നമ്മളെപ്പോലെയുള്ള കാശിന് വകയില്ലാത്തവർക്കേയുള്ളു കൊഴപ്പം. പണിയില്ലാതെ നമ്മളെങ്ങനെ കഴിയും. അവന്മാരുടെയൊക്കെ ബാങ്കിൽ പൂത്ത കാശുണ്ട്.”

പാപ്പച്ചൻ ഇരുത്തി മൂളി.

“നീ പറേന്നതും ശരിയാ.”

“അതേയൊള്ള് ശരി.”

നെൽസൺ അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചു.

“എടാ മോനെ നെൽസാ. നീ ആ സൂര്യനെ കണ്ടാ. അവൻ ഇപ്പൊ ദാ വെള്ളത്തിൽ മുങ്ങി. ഇനി നാളെ വെളുപ്പിന് വീണ്ടും പൊങ്ങിവരും എന്നൊറപ്പല്ലേ. അതുപോലാടാ ഈ കഷ്ടകാലവും. അതും വന്നും പോയുമിരിക്കും.”

ലോട്ടറി വിൽപ്പനക്കാരന്റെ അനന്തമായ ക്ഷമാശീലം പാപ്പച്ചൻ ചെറുപ്പക്കാരനായ നെൽസണിന് പകർന്ന് കൊടുത്തു.

പോർട്ട് റോഡിന്റെ വളവ് തിരിഞ്ഞ് ഒരു പോലീസ് ജീപ്പ് അങ്ങോട്ട് വരുന്നതു കണ്ട് രണ്ടുപേരും തുവാലയെടുത്ത് മുഖം മറച്ച് അകലം പാലിച്ച് കടലിലേയ്ക്ക് നോക്കി നിന്നു. ജീപ്പ് പുറകിൽ വന്നു നിന്ന് ഇരമ്പി.

“എന്തുവാടാ ഇവിടെ?”

പാപ്പച്ചനും നെൽസണും കൈലിയുടെ തട്ട് അഴിച്ചിട്ട് ഭവ്യത കാട്ടി മിണ്ടാതെ നിന്നു.

“പോ പോ. സ്ഥലം വിട്ടോ.”

അവർ പടിഞ്ഞാറോട്ട് നടന്നു തുടങ്ങിയപ്പോൾ ജീപ്പ് നീങ്ങിത്തുടങ്ങി.

“നമ്മളെപ്പോലൊള്ള എരപ്പകളോട്ട മാത്രമേയൊള്ളു ഇവന്മാരടെ മൊട.” നെൽസൺ രോഷം കൊണ്ടു.

റോഡിൽ നിന്നും പുലിമുട്ടിലേക്കിറങ്ങാനുള്ള പടവുകൾ ചവിട്ടിയിറങ്ങി പാറക്കെട്ടുകളിൽ കയറി അവർ നടപ്പു തുടർന്നു. കല്ലുകൾ ചാടിച്ചാടി നെൽസൺ മുന്നേറുകയാണ്. പ്രായം കാരണം കാലുകൾക്ക് ബലം നഷ്ടപ്പെട്ട പാപ്പച്ചൻ മുടന്തിക്കൊണ്ട് മെല്ലെ പിറകിലും.

ഇവിടെന്തായാലും പോലീസുകാരുടെ ശല്യം കാണില്ല. അവർക്കിപ്പം ആകെയുള്ള പണി ലോക്ക് ഡൗൺ നടപ്പിലാക്കലാണ്. ഇരുപത്തിനാല് മണിക്കൂറും പോലീസുകാര് മെയിൻ റോഡിലും ഇടറോഡിലുമെല്ലാം ചുറ്റിത്തിരിയും. ഒരുത്തനെയും മനസ്സമാധാനത്തോടെ വഴിനടക്കാൻ സമ്മതിക്കില്ല. ബൈക്കിൽ ചെത്തുന്ന ചുള്ളന്മാർക്കൊക്കെ ചെലപ്പോ ലാത്തികൊണ്ട് ചന്തിക്ക് അടിയും കൊടുക്കും. വണ്ടികൾ തടഞ്ഞുനിർത്തി പരിശോധനയാണ്. എന്നാൽ ഈ പുലിമുട്ടിൽ അവന്മാര് വരത്തില്ലെന്നുള്ളതാ ആകെയൊരു സമാധാനം. ഈ കടലിനെ നോക്കി നിൽക്കാനുള്ള സ്വാതന്ത്ര്യം കൂടി ഇല്ലാതായാൽ പിന്നെ പാപ്പച്ചൻ ജീവിച്ചിരിക്കില്ല.

“ടാ നെൽസാ. ടാ.”

നെൽസൺ കല്ലിൽ നിലയുറപ്പിച്ച് തിരിഞ്ഞു നിന്നു.

“ഈ ലാക്ക്ഡൗൺ എത്രകാലം കാണും?”

നെൽസൺ പത്രവായനയും ടീവിലെ വാർത്ത കാണലും ഒള്ളവനാ. ലോകകാര്യങ്ങൾ കൊറച്ചൊക്കെ അവനറിയാം.



“കഴിഞ്ഞകൊല്ലം ഇരുപത്തൊന്ന് ദിവസത്തേക്കെന്നും പറഞ്ഞു തുടങ്ങിയത് അവസാനം എത്ര മാസമാ നീണ്ടേ! ഇതിപ്പം ഒരാഴ്ചയല്ലേ ആയൊള്ളു.”

കയ്യീ പത്തു പൈസയില്ല. സർക്കാര് തരുന്ന റേഷനാണ് കഥ മുന്നോട്ട് കൊണ്ടുപോകുന്നത്.

“നമ്മടെ നാട്ടില് കൊറോണ കൊറവാന്നാ കഴിഞ്ഞകൊല്ലം പറഞ്ഞിരുന്നെ. യൂറോപ്പിലും അമേരിക്കേലുമൊക്കെ ഇത് വന്നു ചാവുന്നവരെ കുഴിച്ചിടാനേ നേരമൊള്ളെന്നും. ഇപ്പോഴോ? നമ്മൾ ലോകത്തൊന്നാമതായി...”

“ഓ നമ്മളൊക്കെ വെറും കീടങ്ങളാടാ.”

പാപ്പച്ചൻ ആകാശം ചുമക്കുന്നത് നോക്കി കുറച്ചു നേരം നിന്നു. കൈയിൽ പിടിച്ചിരുന്ന ഒഴിഞ്ഞ ലോട്ടറി ബോർഡ് അയാൾ കടലിന് നേരെ ഉയർത്തിപ്പിടിച്ച് സൂക്ഷിച്ചു നോക്കി. അതിന്റെ വക്കിലെ ടിക്കറ്റുകൾ വെക്കുന്ന കടിച്ചുപിടികൾ യേശുവിന്റെ മുൾക്കിരീടം പോലെ തോന്നിച്ചു.

“ഇനി ലോട്ടറി ടിക്കറ്റൊക്കെ എന്നെങ്കിലും തിരിച്ചു വരുമോടാ?”

വൃദ്ധന്റെ ചോദ്യം കേട്ട് നെൽസൺ ചിരിച്ചു മറിഞ്ഞു. പാപ്പച്ചനും വന്നു ചിരി. ഈ ലോക്ക്ഡൗൺ കാലത്ത് കച്ചവടം ഇല്ലെങ്കിലും മാറ്റാനാവാത്ത ശീലം പോലെ കയ്യിൽ കൊണ്ടുനടക്കുന്ന ആ പലക കക്ഷത്തിൽ അയാൾക്ക് കടലിലേയ്ക്ക് വലിച്ചെറിയണം എന്ന് തോന്നി.

“അണ്ണാ. ഈ ലോകത്താകെ പ്രശ്നങ്ങളാ. ഭയങ്കര പ്രശ്നങ്ങൾ.”

“എന്നുവെച്ച് നമ്മടെ പ്രശ്നങ്ങൾ ചെറുതാകുമോടാ.”

നെൽസൺ അയാളുടെ അടുത്തേക്ക് വന്നു.

“അണ്ണാ അങ്ങനല്ല. നമ്മടേതിനേക്കാളൊക്കെ എമണ്ടൻ പ്രശ്നങ്ങൾ ലോകത്തിന്റെ പല ഭാഗത്തും ഉണ്ട്.”

“അതെന്തോന്നാടാ?”

“യുദ്ധങ്ങൾ, ബോംബ് സ്ഫോടനങ്ങൾ, കുടിയൊഴിപ്പിക്കലുകൾ, പലായനങ്ങൾ, ചാവേറുകൾ, ഭീകരാക്രമണങ്ങൾ, സ്ത്രീകളെയും പെമ്പിള്ളേരേം തട്ടിക്കൊണ്ടുപോകൽ, കൊടും പട്ടിണി. നിങ്ങള് വല്ലപ്പോഴും വായനശാലേ വെച്ചിട്ടൊള്ള ടീവിയെങ്കിലും ഒന്ന് കാണണം.”

പാപ്പച്ചൻ ലോട്ടറിപ്പലക കക്ഷത്തിലേയ്ക്ക് കൂടുതൽ ചേർത്തുവെച്ച് സൂക്ഷ്മതയോടെ പാറക്കൂട്ടങ്ങളിൽ ചവിട്ടി നടന്നു നീങ്ങി. പുലിമുട്ട് തീരുന്നിടത്ത് കടപ്പുറത്തേയ്ക്ക് ഇറങ്ങാൻ അയാളെ നെൽസൺ കൈപിടിച്ച് സഹായിച്ചു. ഇവിട്ടന്നങ്ങോട്ട് കടപ്പുറം സാധാരണ പോലെയാണ്. തിരകൾ തീരത്തേയ്ക്ക് പാഞ്ഞുകയറും.

“ഭയങ്കര പ്രശ്നങ്ങളാ അണ്ണാ.”

പാപ്പച്ചനോട് പറഞ്ഞിട്ട് പ്രയോജനമില്ലെന്ന മട്ടിൽ തെല്ല് നിരാശനായി നെൽസൺ ആവർത്തിച്ചു.

“ആന്നെടാ ഉവ്വേ. എനിക്ക് മനസ്സിലായി. പത്ത് ലോട്ടറി വിക്കാൻ പറ്റിയാ തീരുന്ന പ്രശ്നമേ എനിക്കൊള്ളു. നിനക്കോ?”

ഇരുട്ടു വീണുതുടങ്ങിയ കടപ്പുറത്തുകൂടി അവർ കാലുകൾ വലിച്ചു നടന്നു. പോർട്ടും ഹാർബറും ഇവിടെ നിന്നാൽ ദൂരക്കാഴ്ചയാണ്. കടലിലേയ്ക്ക് നീട്ടിവെച്ചിരിക്കുന്ന ഒരു നാവ് പോലെയാണ് ചിറയുടെ കിടപ്പ്. അത് പണിതതിൽപ്പിന്നെ ഈ കടപ്പുറത്തെ തിരകളുടെ ഊക്കും വളരേ കുറഞ്ഞിരിക്കുന്നു. വിജനമായിരുന്നു അവിടെയും. സാധാരണ സന്ധ്യാനേരങ്ങളിൽ കുട്ടികൾ ഓടിക്കളിക്കുകയും സ്ത്രീകൾ വട്ടമിട്ടിരുന്ന് വർത്തമാനം പറയുകയും ആണുങ്ങൾ ഉറക്കെ ചിരിയും തർക്കങ്ങളുമായി ചീട്ടുകളിക്കുകയുമൊക്കെയായിരുന്നു അവിടുത്തെ പതിവ്.

പെട്ടെന്ന് ദൂരെ എന്തോ കണ്ട് ഞെട്ടിയതുപോലെ നെൽസൺ നിശ്ചലനായി..

“അണ്ണാ ആ കെടക്കുന്നത് ഒരു ബോഡിയല്ലേ?”

നെൽസൺ കൈ ചൂണ്ടിയ ദിക്കിൽ ഒരു കൊച്ചുകുട്ടിയുടെ വലിപ്പമുള്ള എന്തോ ഒന്ന് തിരയിൽ പൊങ്ങിത്താഴുന്നുണ്ട്. അയാൾ അങ്ങോട്ടേക്ക് ഓടി. പാപ്പച്ചൻ കഴിയുന്ന വേഗത്തിൽ അയാളെ അനുഗമിച്ചു.



അതൊരു വലിയ കടലാമയുടെ അഴുകിത്തുടങ്ങിയ ജഡമായിരുന്നു. ചെറുതായി അതിന്റെ ദുർഗന്ധവും ചുറ്റുപാടും പരന്നിട്ടുണ്ട്.

“ഹോ എന്റെ ജീവൻ പോയണ്ണാ. എനിക്ക് അലന്റെ കാര്യമാ ഓർമ്മ വന്നേ,” നെൽസൺ മുട്ടിൽ പറ്റിയ മണ്ണ് തട്ടിത്തുടച്ചു പറഞ്ഞു.

പാപ്പച്ചൻ ഒരുമാത്ര ഓർമ്മയിലൊന്ന് ചികഞ്ഞു. അങ്ങനൊരാളെ അയാൾക്കറിയില്ലായിരുന്നു.

“അലനോ? അതാരാ?”

നെൽസൺ കുറച്ച് ചുവടുകൾ നിശ്ശബ്ദനായി നടന്നു. പിന്നെ പോക്കറ്റിൽ നിന്നും മൊബൈലെടുത്ത് തുറന്ന് എന്തിനോ വേണ്ടി പരതി പാപ്പച്ചന് ഒരു ചിത്രം കാണിച്ചു കൊടുത്തു. കറുത്ത നിക്കറും ചുമന്ന കുപ്പായവും ഷൂസും ധരിച്ച് കടപ്പുറത്ത് തിരയിൽ കമിഴ്ന്ന് കിടക്കുന്ന ഒരു വെളുത്ത കുഞ്ഞിന്റെ ജഡം.

“ഞാൻ പറഞ്ഞില്ലേ അണ്ണാ. നമ്മടെയൊന്നും ഒരു പ്രശ്നമല്ലെന്ന്. ഇത് അഞ്ചു വർഷം മുമ്പ് സിറിയയിൽ നിന്നും ബോട്ടേല് യൂറോപ്പിലേക്ക് രക്ഷപ്പെടാൻ ശ്രമിച്ച് കടലിൽ മുങ്ങി മരിച്ച അലൻ ക്ദീടെ ഫോട്ടോയാ. മൂന്ന് വയസ്സേ ഒള്ളവന്. അവന്റെ അമ്മയും സഹോദരനും കൂടി ചത്തു.”

“അതെന്തിനാടാ അവര് നാട്ടീന്ന് ഓടിപ്പോന്നെ?”

“അവിടെ മുടിഞ്ഞ കലാപമാ. ആഭ്യന്തരയുദ്ധം. പട്ടാളക്കാരും കലാപകാരികളും തമ്മിൽ നാട്ടിൽ നടക്കുന്ന യുദ്ധം കാരണം ജീവിക്കാൻ കഴിയാതെ അവിടത്തെ ആൾക്കാര് യൂറോപ്പിലേക്കും മറ്റും ഓടിപ്പോകുവാ. അങ്ങനെ കടലുവഴി രക്ഷപ്പെടാൻ നോക്കിയ ഒരു ബോട്ടുമറിഞ്ഞാ അലൻ മരിച്ചെ.”

ആ ചിത്രം അവരെ മൗനത്തിന്റെ കടലിലേയ്ക്ക് ഏറെ നേരത്തേയ്ക്ക് വലിച്ചുതാഴ്ത്തി. അത്രയ്ക്ക് നെഞ്ചിനെ നുറുക്കുന്നതായിരുന്നു ആ കൊച്ചുകുട്ടിയുടെ മുഖം മണ്ണിലാണ്ടുപോയ നിലയിലുള്ള ആ കിടപ്പ്. ഒരു പക്ഷേ, അതൊരു പാവക്കുട്ടിയായിരുന്നിരിക്കാമെന്ന് പാപ്പച്ചൻ സമാധാനിക്കാൻ ശ്രമിച്ചു.

“എടാ നെൽസാ. അത് സത്യത്തിലൊള്ളത് തന്നെയായിരിക്കുമോടാ?”

“എന്തോന്നാ?”

“ആ കൊച്ചിന്റെ പടം. അല്ല. ഇപ്പോഴത്തെ കാലത്ത് ഇമ്മാതിരി പടങ്ങളെയൊന്നും അപ്പടി വിശ്വസിക്കാൻ പറ്റത്തില്ലെന്ന് ഇന്നാള് അച്ചൻ പള്ളിപ്രസംഗത്തി പറഞ്ഞായിര്ന്ന്.”

“നിങ്ങളെന്തുവാ അണ്ണാ പറേന്നെ. ഇത് ലോകം മുഴുവൻ അറിയപ്പെട്ട പടമാ.”

പാപ്പച്ചൻ അറിയാതെ നെഞ്ചത്ത് കൈ വെച്ചു. ഇക്കാലത്തെ ജീവിതത്തിൽ അയാൾ വളർന്ന ആ കടപ്പുറത്ത് ഒരു മനുഷ്യജഡം അടിഞ്ഞിട്ടുള്ളതായി അയാൾ ഓർക്കുന്നില്ല. പക്ഷേ, കടലിൽ പോയ ചില കൂട്ടുകാരും ബന്ധുക്കളും പല കാലങ്ങളിലായി മുങ്ങി മരിച്ചിട്ടുണ്ട്. പുരയിൽ നിന്നും ഒരു നേരത്തേക്കുള്ള ചോറും ഒരു ശുക്കുപാത്രം വെള്ളവുമായി കടലിൽ പോകുന്നവർ തിരിച്ച് അഴുകിയ ശവങ്ങളായി മുങ്ങിത്തപ്പൽക്കാരുടെ വള്ളങ്ങളിൽ തീരത്തെത്തിയിട്ടുണ്ട്. അന്നാളുകളിലൊക്കെ കടപ്പുറമാകെ ഒരു സെമിത്തേരിയിലെ മൗനത്തിൽ ആഴ്ന്നിട്ടുമുണ്ട്. തിരകൾ പോലും പതിഞ്ഞ ശബ്ദത്തിലെ അലയ്ക്കുകയുള്ളൂ.

നെൽസൺ പറഞ്ഞത് ഒള്ളതായിരിക്കും. ലോകത്താകെ ഭയങ്കര പ്രശ്നങ്ങളാ. അല്ലെങ്കിത്തന്നെ ആർക്കാ പ്രശ്നങ്ങളില്ലാത്തത്? ഓരോന്നും ഓരോരോ രൂപത്തിലും ഭാവത്തിലുമാണെന്ന് മാത്രം. പട്ടിണി, ദാരിദ്ര്യം, രോഗം, മരണം, വേദന, വേർപാട്, അനാഥത്വം, സമാധാനക്കേട്... ഓ അതിനെങ്ങാനും വല്ല കൊറവുമുണ്ടോ? ഈ ജീവിതം, അതിങ്ങനെയൊക്കെയങ്ങ് പോകത്തേയൊള്ള്. കർത്താവ് പോലും എത്രയോ തല്ലും കല്ലേറും ഏറ്റുവാങ്ങി.

പാപ്പച്ചൻ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തേക്ക് നോക്കി കുരിശ് വരച്ചു.

അടുത്തുകൊണ്ടിരുന്ന സുനാമി കോളനിയിലെ അവരുടെ പാർപ്പിടങ്ങളിലേയ്ക്ക് അവർ മെല്ലെ നടന്നടുത്തു.

□

## എസ്. കെ. പ്രതാപ്



കൊല്ലം ശ്രീനാരായണ കോളേജിൽ നിന്നും ഇംഗ്ലീഷ് വകുപ്പ് മേധാവിയായി 2021-ൽ വിരമിച്ചു. 'പിതൃഹത്യയ്ക്ക് മുമ്പ്', 'ഭൂമിഭാഗ്യം' എന്നീ രണ്ട് കഥാസമാരങ്ങളും, ആംഗലേയ ഭാഷയിൽ മൂന്ന് കവിതാസമാഹാരങ്ങളും ഒരു കഥാസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊല്ലത്ത് താമസിക്കുന്നു.

ചിത്രീകരണം: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
    1. ഡിജിറ്റൽ പ്രസാധനനയം
    2. സായാഹ്നയെക്കുറിച്ച് അറിയുക
    3. Who’s who
    4. സായാഹ്ന ഫോൺ പിഡിഎഫുകൾ
    5. സായാഹ്ന ഗ്രന്ഥശേഖരം
    6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014